# പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 128 — 02-05-2017-ൽ മറുപടിക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി.കെ. ശശി<br>ശ്രീ. സി. കൃഷ്ണൻ<br>ശ്രീ. പുരുഷൻ കടലുണ്ടി<br>ശ്രീ. എസ്. രാജേന്ദ്രൻ | | ഡോ. കെ.ടി. ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) | |
| (എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതിപ്രകാരം ചെയ്യുന്ന ജോലിക്കുള്ള വേതനം രണ്ടാഴ്ചക്കകം വിതരണം ചെയ്യണമെന്ന നിബന്ധന സംസ്ഥാനത്ത് പാലിക്കാൻ സാധ്യമാകാതെ പോയതിന്റെ കാരണങ്ങൾ അറിയിക്കാമോ; എത്ര തുക കുടിശ്ശിക യുണ്ട്; | (എ) | കേന്ദ്രസർക്കാരിൽ നിന്നും അവിദഗ്ദ്ധകൂലിയിനത്തിൽ അർഹതപ്പെട്ട തുക യഥാസമയം ലഭിക്കാത്തതുകൊണ്ടാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ചെയ്യുന്ന ജോലിയ്ക്കുള്ള വേതനം രണ്ടാഴ്ചയ്ക്കകം വിതരണം ചെയ്യണമെന്ന നിബന്ധന സംസ്ഥാനത്ത് പാലിക്കാൻ സാധിക്കാതെ പോയത്. 2016-17 സാമ്പത്തിക വർഷം അവിദഗ്ദ്ധ വേതനയിനത്തിൽ 75943.17 ലക്ഷം രൂപ കുടിശ്ശിക നിലനിൽക്കുന്നുണ്ട്. |
| (ബി) | സംസ്ഥാനത്തെ വേതന തോതനുസരിച്ച് താരതമ്യേന വളരെ കുറഞ്ഞ വേതനം നൽകുന്നതും അതുതന്നെ മാസങ്ങൾ കഴിഞ്ഞു നൽകുന്നതും പദ്ധതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; | (ബി) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നൽകുന്ന അവിദഗ്ദ്ധകായിക കൂലി നിരക്ക് കേന്ദ്രസർക്കാരാണ് ഓരോ വർഷവും നിശ്ചയിച്ച് വിജ്ഞാപനം ചെയ്യുന്നത്. ഇത് കേരളത്തിലെ കായിക തൊഴിൽ ചെയ്യുന്ന വിഭാഗങ്ങൾക്ക് ലഭിക്കുന്ന കമ്പോള നിരക്കിനെ അപേക്ഷിച്ച് വളരെ കുറവാണ്. എന്നാൽ തൊഴിലുറപ്പ് പദ്ധതിയിൽ ജോലി ചെയ്യാൻ സന്നദ്ധരായി മുൻപോട്ടു വരുന്ന തൊഴിലാളികളിൽ ഭൂരിഭാഗവും പരമ്പരാഗത തൊഴിൽ രംഗത്ത് ഏർപ്പെടാത്തവരും കുടുംബശ്രീ പ്രവർത്തകരായ സ്ത്രീകളുമായതിനാൽ തൊഴിലിനുള്ള ആവശ്യകതയെ പ്രതികൂലമായി ബാധിച്ചിട്ടില്ല. എന്നാൽ 2016-17 ലെ കൂലി കുടിശ്ശികയുള്ളതിനാൽ നടപ്പ് സാമ്പത്തിക വർഷം പൊതുവേ പദ്ധതിയിൽ |

| | | | |
|---|---|---|---|
| | | | പണിക്ക് വരുന്നതിന് തൊഴിലാളികൾക്ക് താല്പര്യക്കുറവ് ഉള്ളതായി കണ്ടു വരുന്നുണ്ട്. |
| (സി) | വേതനം നൽകാനായി തൊഴിൽ എന്നതിനു പകരം, കൃഷി, ക്ഷീരോല്പാദനം, പരമ്പരാഗത വ്യവസായ മേഖലകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങി ഉല്പാദനപരമായ മേഖലകളിൽ തൊഴിൽ ശക്തിയെ വിന്യസിച്ച് തൊഴിലിനൊപ്പം വികസനവും യാഥാർത്ഥ്യമാക്കാൻ നടപടിയെടുക്കുമോ? | (സി) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ, നേരിട്ടുള്ള കാർഷിക പ്രവൃത്തികൾ ഒഴികെ മറ്റെല്ലാ കാർഷിക ഇടപെടലുകളും, ക്ഷീരോത്പാദന മേഖലയിൽ പശുതൊഴുത്ത്, ആട്ടിൻകൂട്, എന്നിവയുടെ നിർമ്മാണവും, കൂടാതെ അങ്കണവാടി കെട്ടിടം, വ്യക്തിഗത ഗാർഹിക ശൗചാലയം, ഗ്രാമപഞ്ചായത്ത് കെട്ടിടം, കളിസ്ഥലം, പൊതുചന്ത, ശ്മശാനം, കമ്പോസ്റ്റ് കുഴി തുടങ്ങിയ നിർമ്മാണ പ്രവൃത്തികളും ഏറ്റെടുക്കുന്നതിന് ഇപ്പോൾ അനുമതിയുള്ളതിനാൽ തൊഴിലിനൊപ്പം വികസനം എന്ന ലക്ഷ്യം സാക്ഷാത്കരിക്കാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**